സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

ജൂണിലെ കരാർ അമേരിക്ക പാലിച്ചാൽ തങ്ങളും അനുകൂലമായി പ്രതികരിക്കുമെന്ന് ഇറാൻ പ്രസിഡന്റ്

ബിഷ്കെക്: ജൂൺ മാസം ഒപ്പുവെച്ച ഇടക്കാല കരാറിലെ വ്യവസ്ഥകൾ അമേരിക്ക പൂർണമായി പാലിക്കുകയാണെങ്കിൽ ഇറാൻ ഉടൻതന്നെ അതിനോട് അനുകൂലമായി പ്രതികരിക്കുമെന്ന് ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ വ്യക്തമാക്കി. കിർഗിസ്ഥാൻ തലസ്ഥാനമായ ബിഷ്കെകിൽ നടന്ന ഷാങ്ഹായ് സഹകരണ സംഘടനയുടെ (എസ്‌സി.ഒ) ഉച്ചകോടിക്കിടെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ഇറാൻ പ്രസിഡന്റിന്റെ ഔദ്യോഗിക വെബ്സൈറ്റും 'ഇസ്ന' വാർത്താ ഏജൻസിയുമാണ് ഈ വിവരങ്ങൾ പുറത്തുവിട്ടത്. കഴിഞ്ഞ ജൂൺ 17-ന് യു.എസും ഇറാനും തമ്മിൽ ഒപ്പുവെച്ച ധാരണാപത്രം ആഗസ്റ്റ് 17-ന് അവസാനിച്ചിരുന്നു. സമാധാന ചർച്ചകൾക്ക് കളമൊരുക്കുന്നതിനൊപ്പം, സംഘർഷ മേഖലയായി മാറിയ ഹുർമുസ് കടലിടുക്ക് വീണ്ടും തുറക്കുന്നതിനുള്ള വ്യവസ്ഥകളും ഈ കരാറിൽ ഉൾപ്പെടുത്തിയിരുന്നു.

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 148 2026 സെപ്തംബർ 01 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

2029ലെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി രാഹുൽ ഗാന്ധിയെ പിന്തുണച്ച് വിജയ്

ന്യൂഡൽഹി: 2029-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ് വിജയ് ഇന്ത്യാ സഖ്യത്തിന്റെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയാകും എന്നതരത്തിൽ ഉയർന്നുവന്ന വാർത്തകൾ തള്ളി കോൺഗ്രസ് പാർട്ടി. ഭരണകക്ഷിയും അതിന്റെ സഖ്യകക്ഷിയായ ടിവികെയും തമ്മിൽ ഭിന്നതയിലാണ് എന്നത് ഊഹാപോഹങ്ങളാണെന്നും പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി രാഹുൽ ഗാന്ധിക്ക് വിജയ് പിന്തുണ അറിയിച്ചിട്ടുണ്ടെന്നും കോൺഗ്രസ് ലെജിസ്ലേറ്റീവ് പാർട്ടി (സി.എൽ.പി.) നേതാവ് തരാഹൈ കുത്ത്ബെർട്ട് വ്യക്തമാക്കി.

സഖ്യത്തിനുള്ളിലെ നേതൃതർക്കങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ തള്ളിക്കളഞ്ഞ കുത്ത്ബെർട്ട്, വിജയ്‌യെ പ്രധാനമന്ത്രി പദത്തിലേക്ക് ഉയർത്തിക്കാട്ടുന്നത് പാർട്ടി അണികളുടെ ആവേശം കൊണ്ടാണെന്നും അത് നേതൃത്വത്തിന്റെ ഔദ്യോഗിക നിലപാടിനെ പ്രതിനിധീകരിക്കുന്നില്ലെന്നും തിങ്കളാഴ്ച അറിയിച്ചു. ഇരുനേതാക്കളും തമ്മിലുള്ള സൗഹൃദപരമായ ബന്ധം സഖ്യത്തിന്റെ കരുത്ത് വർധിപ്പിക്കുന്നുവെന്നും മാധ്യമങ്ങളോട് സംസാരിക്കവെ അവർ അഭിപ്രായപ്പെട്ടു.

'പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി മുഖ്യമന്ത്രി വിജയ് തിരഞ്ഞെടുത്തിരിക്കുന്നത് രാഹുൽ ഗാന്ധിയെയാണ്, ആ നിലപാടിൽതന്നെയാണ് അദ്ദേഹം മുന്നോട്ടുപോകുന്നത്', കുത്ത്ബെർട്ട് പറഞ്ഞു. വിജയിയ്‌യെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി ഉയർത്തിക്കാട്ടുന്ന തമിഴക വെട്രി കഴകം (ടിവികെ) നേതാക്കളുടെ പ്രസ്താവനകളെ തുടർന്ന് ഉയർന്നുവന്ന ചർച്ചകളോട് പ്രതികരിക്കുകയായിരുന്നു അവർ.

2029-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി ടിവികെ രാഹുൽ ഗാന്ധിയെ പിന്തുണച്ചില്ലെങ്കിൽ സംസ്ഥാന മന്ത്രിസഭയിലെ കോൺഗ്രസ് മന്ത്രിമാർ രാജിവെക്കുമെന്ന് തമിഴ്നാട് ടൂറിസം മന്ത്രി എസ്. രാജേഷ് കുമാർ പ്രസ്താവിച്ചതാണ് ഈ വിവാദങ്ങൾക്ക് തുടക്കമിട്ടത്. ശനിയാഴ്ച കന്യാകുമാരിയിൽ നടന്ന ചടങ്ങിൽ സംസാരിച്ച കുമാർ, 2029-ൽ രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകുമെന്ന് പറഞ്ഞിരുന്നു.

ദേശീയരാഷ്ട്രീയത്തിൽ വിജയ്ക്ക് കുറച്ചുകൂടി വലിയ സ്ഥാനം നൽകണമെന്ന തരത്തിൽ ടിവികെ നേതാക്കളിൽ നിന്നും ആവശ്യങ്ങൾ ഉയർന്ന സാഹചര്യത്തിലായിരുന്നു രാജേഷ് കുമാറിന്റെ പ്രസ്താവന. രാജ്യത്തെ ഏറ്റവും ഉയർന്ന ഭരണഘടനാ പദവി തമിഴ്നാട്ടിൽ നിന്നുള്ള ഒരു നേതാവായിരിക്കണം അലങ്കരിക്കേണ്ടതെന്ന് ടിവികെ പൊതുമരാമത്ത് വകുപ്പ് മന്ത്രി ആദവ് അർജുന പ്രസ്താവിച്ചിരുന്നു. പിന്നാലെയാണ് വാദപ്രതിവാദങ്ങളുമായി കൂടുതൽ നേതാക്കൾ രംഗത്തെത്തുകയും വിജയ്‌യുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിത്വത്തിലേക്ക് ചർച്ചകൾ നീങ്ങുകയും ചെയ്തത്.

അതേസമയം, കോൺഗ്രസ് ഒരു സ്വതന്ത്ര രാഷ്ട്രീയ ശക്തിയായി വളരുകയാണെന്നും അത് ടിവികെയ്ക്ക് കീഴടങ്ങുന്ന രീതിയിലല്ല പ്രവർത്തിക്കുന്നതെന്നും കോൺഗ്രസ് മന്ത്രി വിശ്വനാഥ് അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ അഭിപ്രായത്തെ പിന്തുണച്ച കുത്ത്ബെർട്ട്, രാഹുൽ ഗാന്ധിക്കെതിരെയുള്ള ബിജെപിയുടെ നടപടികൾ അവരുടെ രാഷ്ട്രീയ ഭയത്തെയാണ് സൂചിപ്പിക്കുന്നതെന്നും കൂട്ടിച്ചേർത്തു. വിജയ്‌യുടെ പാർട്ടിയുമായി ചേർന്ന് സഖ്യകക്ഷിയായി പ്രവർത്തിക്കുമ്പോഴും കോൺഗ്രസ് ജനാധിപത്യപരവും സ്വയംഭരണാധികാരവുമുള്ള രാഷ്ട്രീയ സംഘടനയായി തുടരുമെന്നും അവർ വ്യക്തമാക്കി.

2029-ലെ ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി സഖ്യത്തിനുള്ളിലെ അധികാര സമവാക്യങ്ങളെക്കുറിച്ചും അതിന്റെ ദേശീയ നേതൃത്വത്തിന്റെ തിരഞ്ഞെടുപ്പിനെക്കുറിച്ചും ചോദ്യങ്ങൾ ഉയരുന്നതിനിടയിലാണ് ഈ പുതിയ സംഭവവികാസങ്ങൾ. 2026-ലെ തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിന് ശേഷമുള്ള മാസങ്ങളിൽ വിജയ്‌യും രാഹുൽ ഗാന്ധിയും രാഷ്ട്രീയമായി ഏറെ അടുപ്പം പുലർത്തിയിരുന്നു.

തെരഞ്ഞെടുപ്പിന് ശേഷം വിജയ് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയ്ക്ക് നന്ദി അറിയിക്കുകയും തന്റെ സർക്കാരിന് കോൺഗ്രസ് നൽകിയ പിന്തുണയെ അഭിനന്ദിച്ചുകൊണ്ട് രാഹുൽ ഗാന്ധിയെ തന്റെ 'സഹോദരൻ' എന്ന് വിശേഷിപ്പിക്കുകയും ചെയ്തിരുന്നു. 2024-ൽ രൂപീകൃതമായ ടിവികെ., 234 അംഗ തമിഴ്നാട് നിയമസഭയിലേക്കുള്ള തങ്ങളുടെ ആദ്യ തെരഞ്ഞെടുപ്പിൽ 108 സീറ്റുകൾ നേടിയാണ് ശ്രദ്ധേയമായ അരങ്ങേറ്റം കുറിച്ചത്.

തുടർന്ന് കോൺഗ്രസിന്റെയും മറ്റ് പാർട്ടികളുടെയും പിന്തുണയോടെയാണ് അവർ സർക്കാർ രൂപീകരിച്ചത്.

പ്രധാനമന്ത്രി പദത്തിലേക്ക് വിജയ് രാഹുൽ ഗാന്ധിയെ പിന്തുണച്ചതായി കോൺഗ്രസ് ഇപ്പോൾ പരസ്യമായി വ്യക്തമാക്കിയതോടെ, സഖ്യത്തിന്റെ നേതൃത്വ സമവാക്യങ്ങളിലേക്ക് വീണ്ടും ശ്രദ്ധ തിരിയാൻ ഇത് കാരണമാകും എന്ന് രാഷ്ട്രീയ നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു. മാത്രമല്ല, 2029-ലെ ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ഇരുപാർട്ടികളും തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾ വ്യാപിപ്പിക്കുമ്പോൾ ഈ സഖ്യ ക്രമീകരണം എങ്ങനെ മുന്നോട്ട് പോകുമെന്നതും വലിയ ചർച്ചകൾക്ക് വഴിവെക്കുന്നുണ്ട്.

മദ്രസ നിർമ്മിക്കാൻ 100 വർഷം പഴക്കമുള്ള ക്ഷേത്രം പൊളിച്ചുമാറ്റി

ഇസ്ലാമാബാദ്: ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള ക്ഷേത്രം പൊളിച്ചുനീക്കിയ സംഭവത്തിൽ അന്വേഷണം ആവശ്യപ്പെട്ട് ന്യൂനപക്ഷ സംഘടനകളും രാഷ്ട്രീയ നേതാക്കളും രംഗത്ത്. പാകിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിലുള്ള നരോവാളിലെ സിറാജ് ഗ്രാമത്തിൽ സ്ഥിതി ചെയ്തിരുന്ന ക്ഷേത്രമാണ് പൊളിച്ചുമാറ്റിയത്. ലാഹോറിൽ നിന്ന് ഏകദേശം 130 കിലോമീറ്റർ അകലെയാണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. മത തീവ്രവാദികളാണ് ക്ഷേത്രം പൊളിച്ചതെന്നാണ് ആരോപണം.

ക്ഷേത്രം പൊളിച്ചവർക്കെതിരെയും സംരക്ഷണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കണമെന്ന് ന്യൂനപക്ഷ രാഷ്ട്രീയ സംഘടനയായ പാക് മസീഹ മില്ലത് പാർട്ടി ചെയർമാൻ അസ്ലം പർവേസ് സഹോത്ര ആവശ്യപ്പെട്ടു. ഓഗസ്റ്റ് 28ന് പഞ്ചാബ് അഡീഷണൽ ഹോം സെക്രട്ടറിയെ സന്ദർശിച്ച് ഇതുസംബന്ധിച്ച പരാതി നൽകിയതായും സഹോത്ര പറഞ്ഞു. എന്നാൽ ക്ഷേത്രം കനത്ത മഴയെ തുടർന്ന് തകർന്നു വീണതെന്നാണ് പാകിസ്ഥാൻ സർക്കാരിന്റെ വിശദീകരണം.

നിരോധിത തീവ്രവലതുപക്ഷ ഇസ്ലാമിക സംഘടനയായ തെഹ്രീക്-ഇ- ലബ്ബായിക് പാകിസ്ഥാൻ (ടി.എൽ.പി) അംഗങ്ങളായ മതതീവ്രവാദികൾ ഓഗസ്റ്റ് 21ന് ക്ഷേത്രം പൊളിച്ചെന്നാണ് അദ്ദേഹത്തിന്റെ ആരോപണം. ക്ഷേത്രത്തോട് ചേർന്നുള്ള മദ്രസയുടെ വികസനത്തിനായി ക്ഷേത്രഭൂമി കൂടി ഉപയോഗിക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നു പൊളിച്ചുനീക്കലെന്നും ആരോപണങ്ങൾ ഉയരുന്നുണ്ട്.

വിദേശരാജ്യങ്ങളിലേയ്ക്ക് പോകരുത്

വിവാഹം ഇന്ത്യയിൽ മതി; സന്തോഷവാർത്ത പങ്കുവച്ച് പ്രധാനമന്ത്രി

ന്യൂഡൽഹി: മൊത്ത ആഭ്യന്തര ഉത്പാദന (ജിഡിപി) വളർച്ചയിൽ 7.8 ശതമാനം വർദ്ധനവുണ്ടായതിൽ രാജ്യത്തെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. 'ആത്മനിർഭർ ഭാരതി'നായുള്ള പ്രതിജ്ഞ പുതുക്കണമെന്നും അദ്ദേഹം പൗരന്മാരോട് അഭ്യർത്ഥിച്ചു. കിർഗിസ്ഥാനിൽ നിന്ന് ഇൻസ്റ്റാഗ്രാമിൽ പങ്കുവച്ച വീഡിയോയിലൂടെയാണ് പ്രധാനമന്ത്രി സന്തോഷ വാർത്ത അറിയിച്ചത്.

'ജനങ്ങൾക്ക് അഭിനന്ദനങ്ങൾ. 7.8 വളർച്ച രാജ്യത്ത് സന്തോഷം നിറച്ചിരിക്കുന്നു. ജനങ്ങളുടെ നിശ്ചയദാർഢ്യത്തിനും കഠിനാധ്വാനത്തിനും ഞാൻ അഭിനന്ദനം അറിയിക്കുന്നു. ഇത് കൂട്ടായ ശക്തിയുടെ പ്രതിഫലനമാണ്. ലോകം യുദ്ധത്തിൽ മുങ്ങിയിരിക്കുകയാണ്. പ്രതിസന്ധികളാൽ ലോകം ചുറ്റപ്പെട്ടിരിക്കുന്നു. വിതരണ ശൃംഖലകൾക്ക് തടസം നേരിട്ടു. കൊവിഡ് കാലം മുതൽ ഇന്നുവരെയും ഒരിടത്തും സ്ഥിരതയുണ്ടായിട്ടില്ല. എന്നിട്ടും ഇന്ത്യ അതിവേഗതയോടെ മുന്നോട്ട് കുതിക്കുകയാണ്.

വിനോദസഞ്ചാരത്തിനായി വിദേശരാജ്യങ്ങളിലേയ്ക്ക് പോകരുത്. വിദേശരാജ്യങ്ങളിൽ ഡെസ്റ്റിനേഷൻ വിവാഹങ്ങൾ നടത്തുന്നത് ഒഴിവാക്കുക. 'ഇന്ത്യയിൽ വിവാഹം' എന്ന മന്ത്രവുമായി ജീവിക്കുക. അത്യാവശ്യമല്ലെങ്കിൽ സ്വർണം വാങ്ങുന്നത് ഒഴിവാക്കുക.

സ്വാശ്രയത്വത്തിൽ അടിയുറച്ച് മുന്നോട്ട് പോവുകയാണെങ്കിൽ നമ്മൾ സ്വാതന്ത്ര്യത്തിന്റെ 100-ാം വാർഷികം ആഘോഷിക്കുമ്പോൾ ഒരു വികസിത ഇന്ത്യയെ രാജ്യത്തെ യുവാക്കൾക്ക് കൈമാറാനാവും. നമ്മുടെ നയങ്ങൾ ശരിയാണ്, ലക്ഷ്യം വ്യക്തമാണ്. 140 കോടി ജനങ്ങളുടെ ഒരുമ രാജ്യത്തെ വലിയ ഉയരങ്ങളിലേയ്ക്ക് നയിക്കുകയാണ്'- മോദി വീഡിയോയിൽ വ്യക്തമാക്കി.

അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയെന്ന് മന്ത്രി എം. ലിജു

തിരു: നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയുണ്ടാകുമെന്ന മുന്നറിയിപ്പുമായി എക്സൈസ് മന്ത്രി എം. ലിജു. കോട്ടയത്ത് മാസപ്പടി വാങ്ങിയ എക്സൈസ് ഡെപ്യൂട്ടി കമ്മിഷണർക്കെതിരെ നടപടിയെടുത്ത പശ്ചാത്തലത്തിൽ നടത്തിയ വാർത്താ സമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

എത്രവലിയ ഉദ്യോഗസ്ഥനായാലും ഇളവുണ്ടാകില്ലെന്നും മന്ത്രി പറഞ്ഞു. ശക്തമായ മുന്നറിയിപ്പുകൾ പലതവണ നൽകിയിട്ടും ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായി. കോട്ടയത്തുനിന്ന് നിരവധി പരാതികൾ ലഭിച്ചിരുന്നതായും ഇതിനെ തുടർന്നാണ് വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തതെന്നും മന്ത്രി പറഞ്ഞു.

കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിലായിരുന്നു ഉദ്യോഗസ്ഥർക്കെതിരായ നടപടി. ഇത് ഉദ്യോഗസ്ഥർക്കുള്ള കൃത്യമായ സന്ദേശമാണെന്ന് പറഞ്ഞ മന്ത്രി, മികച്ച പ്രവർത്തനം നടത്തിയ എക്സൈസ് കമ്മിഷണറെ അഭിനന്ദിക്കുകയും ചെയ്തു.

നിയമവിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥരോട് സീറോ ടോളറൻസ് നയമാണ്. ഏത് ഉന്നത ഉദ്യോഗസ്ഥനാണെങ്കിലും നടപടിയുണ്ടാകും. നന്നായി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ അഭിനന്ദിക്കുകയും അഴിമതിക്കാർക്കെതിരെ നടപടിയെടുക്കുകയുമാണ് സർക്കാരിന്റെ നയം. എക്സൈസിനുള്ളിലെ അഴിമതി കണ്ടെത്തിയപ്പോൾ എക്സൈസ് വകുപ്പും എക്സൈസ് വിജിലൻസും തന്നെയാണ് നടപടിയെടുത്തതെന്നും അദ്ദേഹം പറഞ്ഞു.

മയക്കുമരുന്ന് വ്യാപിക്കുമ്പോൾ അഴിമതിരഹിതമായ എക്സൈസ് ഉണ്ടാകേണ്ടത് സമൂഹത്തിന്റെ പുരോഗതിക്ക് അനിവാര്യമാണ്. അതിനാൽതന്നെ ഇത്തരം കാര്യങ്ങളിൽ വിട്ടുവീഴ്ചയുണ്ടാകില്ല. നടപടികൾ പഴുതടച്ചാകണമെന്നും സർക്കാരിന് നിർബന്ധമുണ്ട്. കുറ്റക്കാർക്ക് ശിക്ഷ ഉറപ്പാക്കുന്ന തരത്തിലാകും നടപടികളെന്നും എം. ലിജു വ്യക്തമാക്കി.

'വിശ്വാസികളുടെ ആഭ്യന്തരകാര്യത്തിൽ ഇടപെടാൻ വരണ്ട': സിപിഎമ്മിനെതിരെ കാന്തപുരം സമസ്ത സംഘടനകൾ

മലപ്പുറം: കാന്തപുരം അബൂബക്കർ മുസ്ലിയാരുടെ സ്ത്രീവിരുദ്ധ പരാമർശത്തിനെതിരായ വിമർശനങ്ങളിൽ സിപിഎമ്മിനെതിരായ നിലപാടുകളുമായി കാന്തപുരം സമസ്ത സംഘടനകൾ. പ്രത്യയശാസ്ത്ര ശാഠ്യം പാർട്ടി ക്ലാസുകളിൽ മതിയെന്ന് സുന്നി സ്റ്റുഡൻസ് ഫെഡറേഷൻ (എസ്എസ്എഫ്) പറഞ്ഞു. ലോകമെമ്പാടും പരാജയപ്പെട്ട് ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേയ്ക്ക് തള്ളപ്പെട്ടവർ വിശ്വാസികളുടെ ആഭ്യന്തരകാര്യത്തിൽ ഇടപെടാൻ വരേണ്ടതില്ലെന്ന് സുന്നി യുവജന സംഘം (എസ് വൈഎസ്) മുന്നറിയിപ്പ് നൽകി.

വിശ്വാസി സമൂഹത്തിന്റെ ആചാര മര്യാദകൾക്ക് നേരെ കപട പുരോഗമനത്തിന്റെ ക്ലാസ് എടുക്കാൻ വരുന്ന നേതാക്കളുടെ ഇരട്ടത്താപ്പ് ദാരിദ്ര്യവും പരിഹാസവും ആണെന്നുമാണ് എസ്‌വൈഎസിന്റെ രൂക്ഷവിമർശനം. നബിദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട് സ്ത്രീകളെ പൊതുവേദികളിലും പൊതുനിരത്തുകളിലും അന്യപുരുഷന്മാർക്കൊപ്പം പ്രദർശിപ്പിക്കരുത് എന്ന് മഹല്ലുകൾക്കും മദ്രസകൾക്കും കാന്തപുരം വിഭാഗം സർക്കുലർ നൽകിയതാണ് വിവാദങ്ങൾക്ക് തുടക്കമിട്ടത്.

തുടർന്ന് കേരള മുസ്ലീം ജമാഅത്ത് സംഘടിപ്പിച്ച പ്രവാചക പ്രകീർത്തന സമ്മേളനത്തിൽ സ്ത്രീകൾ പൊതുവേദിയിൽ ഇറങ്ങിയാൽ വലിയ നാശമുണ്ടാകുമെന്നും അതിനാൽ സ്ത്രീകൾ വീട്ടിൽ അടങ്ങി ജീവിക്കണമെന്നും കാന്തപുരം അബൂബക്കർ മുസ്ലിയാർ ആവർത്തിച്ചു. സ്ത്രീകൾ വീട്ടിൽ അടങ്ങിയൊതുങ്ങി ഇരിക്കേണ്ടവരാണെന്നും ഇസ്ലാം മതത്തെക്കുറിച്ച് വിപുലമായും ആഴത്തിലും പഠിച്ച വ്യക്തിയെന്ന നിലയിൽ മുസ്ലീം സമുദായ കാര്യങ്ങളിൽ സംസാരിക്കാനും നിലപാടുകൾ വ്യക്തമാക്കാനും തനിയ്ക്ക് പൂർണ അധികാരമുണ്ടെന്നും കാന്തപുരം വ്യക്തമാക്കിയിരുന്നു.

ഇതിന് പിന്നാലെയാണ് കാന്തപുരത്തിനെ വിമർശിച്ച് സിപിഎം നേതാക്കളടക്കം രംഗത്തെത്തിയത്. കാന്തപുരം വീണ്ടും സ്ത്രീവിരോധം ഛർദ്ദിക്കുന്നുവെന്ന് സിപിഎം നേതാവ് പി കെ ശ്രീമതി വിമർശിച്ചിരുന്നു. ആർഎസ്എസ് എങ്ങനെയാണോ സ്ത്രീകളെ കാണുന്നത് അതിന് സമാനമാണ് കാന്തപുരത്തിന്റെ പരാമർശമെന്നും അവർ വിമർശിച്ചു. സ്കൂളുകളിലെ ഓണാഘോഷങ്ങളിൽ പെൺകുട്ടികൾ പാട്ടുപാടുകയും നൃത്തം ചെയ്യുകയും ചെയ്തതാണ് കാന്തപുരത്തിനെ പ്രകോപിപ്പിച്ചതെന്നും വിദ്യാഭ്യാസം നേടി എംഎൽഎമാരും ജഡ്ജിമാരും ഡോക്ടർമാരുമായി സ്ത്രീകൾ സമൂഹത്തിന്റെ മുൻനിരയിൽ നിൽക്കുന്ന കേരളത്തിൽ ഇത്തരം നിലപാടുകൾ അങ്ങേയറ്റം സ്ത്രീവിരുദ്ധവും കാലഹരണപ്പെട്ടതുമാണെന്നും അവർ വിമർശിച്ചിരുന്നു.

പ്രവാചകൻ തന്നെവന്നു പറഞ്ഞാലും ഇത്തരം സത്രീവിരുദ്ധ നിലപാടുകളെ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗീകരിക്കില്ലെന്നായിരുന്നു എ കെ ബാലന്റെ പ്രതികരണം. കാന്തപുരത്തിന്റെ പരാമർശത്തിനെതിരെ പ്രതിഷേധവുമായി എസ്എഫ്ഐ, ഡിവൈഎഫ്ഐ, മഹിളാ അസോസിയേഷൻ തുടങ്ങിയ സംഘടനകളും രംഗത്തെത്തിയിരുന്നു.

മരണസംഖ്യ ആയിരത്തിലേക്ക്; നേപ്പാളിൽ വീണ്ടും പ്രളയ മുന്നറിയിപ്പ്; നദികളിൽ ജലനിരപ്പുയരുന്നു

കാഠ്മണ്ഡു: കഴിഞ്ഞയാഴ്ചയുണ്ടായ മിന്നൽ പ്രളയത്തിന്റെ ആഘാതത്തിന് പിന്നാലെ നേപ്പാളിൽ വീണ്ടും പ്രളയ സാധ്യതയെന്ന് മുന്നറിയിപ്പ്. കനത്ത മഴയെ തുടർന്ന് വിവിധ നദികളിൽ ജലനിരപ്പുയർന്നിട്ടുണ്ട്. പിന്നാലെയാണ് വിവിധ ജില്ലകളിൽ നേപ്പാൾ ദുരന്തനിവാരണ അതോറിറ്റി വീണ്ടും ജാഗ്രതാ നിർദേശം നൽകിയത്. രസുവ, നുവാകോട്ട്, ധേഡിംഗ്, ഗോർഖ, തനാഹുൻ, നവൽപരാസി, ചിത്വാൻ ജില്ലകളിലെ നദീതീരങ്ങളിൽ താമസിക്കുന്നവർക്കാണ് മുന്നറിയിപ്പ് നൽകിയത്. സാധാരണ ജലനിരപ്പിൽ നിന്നും 80 മീറ്ററോളം ഉയരത്തിലാണ് ചില നദികളിലെ ജലനിരപ്പ്. ആവർത്തിച്ചുള്ള പ്രളയ മുന്നറിയിപ്പുകൾ ജനങ്ങളെ കടുത്ത ഭീതിയിലാഴ്ത്തിയിരിക്കുകയാണ്.

അതേസമയം, നേപ്പാളിൽ മിന്നൽ പ്രളയം നാശം വിതച്ച് ഒരാഴ്ച പിന്നിടുമ്പോഴും നാലായിരത്തോളം പേർ കാണാമറയത്താണ് 930 പേരുടെ മൃതദേഹങ്ങൾ കണ്ടെത്തി. അടിഞ്ഞുകൂടിയ മണ്ണു നീക്കം ചെയ്യാൻ സാധിക്കാത്തതും മൃതദേഹങ്ങൾ അഴുകിത്തുടങ്ങിയതും രക്ഷാദൗത്യം കൂടുതൽ ദുഷ്കരമാക്കുന്നുണ്ട്. 275 ഇന്ത്യക്കാരെ കുറിച്ച് ഇപ്പോഴും വിവരമില്ല. തിരച്ചിലിന് നേപ്പാൾ സർക്കാർ കൂടുതൽ വിദേശ സഹായം തേടി. സിങ്കപ്പൂരും ദക്ഷിണ കൊറിയയും അടക്കമുള്ള രാജ്യങ്ങൾ വരും ദിവസങ്ങളിൽ രക്ഷാപ്രവർത്തകരെ അയക്കും. തിരച്ചിലിനേക്കൾ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരുടെ ക്ഷേമത്തിനാണ് ഇപ്പോൾ സർക്കാർ മുൻഗണന നൽകുന്നത്. രോഗങ്ങൾ പടർന്നുപിടിക്കുന്നതും മരുന്നുൾപ്പെടെ അവശ്യ വസ്തുക്കളുടെ ക്ഷാമവും പുതിയ വെല്ലുവിളിയാണ്.

ഇതിനിടെ നേപ്പാളിൽ നിന്നുള്ള പ്രളയജലം ഒഴുകിയെത്തിയതിനെ തുടർന്ന് ബിഹാറിലെ ജഹാനബാദിൽ വെള്ളപ്പൊക്കമുണ്ടായി. ദർധ നദി കരകവിഞ്ഞതോടെ പല ഗ്രാമങ്ങളും ഒറ്റപ്പെട്ടു. 1500 വീടുകളിലും ഹെക്റ്റർ കണക്കിന് കൃഷിയടങ്ങളിലും വെള്ളംകയറി. മദ്രൗനി പഞ്ചായത്തിനെയാണ് ഏറ്റവും രൂക്ഷമായി ബാധിച്ചത്. കനത്ത മഴയെ തുടർന്ന് ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിലും സമീപപ്രദേശങ്ങളിലും വെള്ളംകയറി. വാരാണസിയിൽ പല ഘാട്ടുകളും ഇപ്പോഴും വെള്ളത്തിലാണ്. മധ്യപ്രദേശ് അതിർത്തിയോട് ചേർന്ന ചിത്രകൂടിൽ പ്രളയജലം ഇറങ്ങിത്തുടങ്ങിയെങ്കിലും ജനജീവിതം സാധാരണ നിലയിൽ ആവാൻ സമയമെടുക്കും.

നേപ്പാളിലെ മിന്നൽ പ്രളയത്തിൽപ്പെട്ട 17 പേരുടെ മൃതദേഹങ്ങളാണ് ഇതുവരെ ഉത്തർപ്രദേശിലെ ഗണ്ഡക് നദിയിൽ നിന്ന് കണ്ടെത്തിയത്. കുശിനഗർ ജില്ലയിലെ ഖഡ്ഡ, തമ്കുഹി രാജ് തഹസിൽ മേഖലകളിൽ നിന്ന് 13 മൃതദേഹങ്ങളാണ് കണ്ടെത്തിയത്. മഹാരാജ്ഗഞ്ചിലെ നിച്‌ലൗൾ മേഖലയിൽനിന്ന് നാലുമൃതദേഹങ്ങളും ലഭിച്ചു. നാലുമൃതദേഹങ്ങൾ തിങ്കളാഴ്ച നേപ്പാൾ അധികൃതർക്ക് കൈമാറി. മൃതദേഹങ്ങളിൽനിന്ന് ഡിഎൻഎ സാമ്പിളുകൾ ശേഖരിച്ചു. ബന്ധുക്കളെ കണ്ടെത്തുന്നതിനായി വിവരങ്ങൾ നേപ്പാൾ അധികൃതരുമായി പങ്കിടും.

കുശിനഗറിൽനിന്ന് കണ്ടെത്തിയ ആറുമൃതദേഹങ്ങൾ ഇന്ന് കൈമാറും. ഗണ്ഡക് നദിയിലും സമീപപ്രദേശങ്ങളിലും ദേശീയ, സംസ്ഥാന ദുരന്തനിവാരണ സേനകളുടെ നേതൃത്വത്തിൽ തിരച്ചിൽ തുടരുകയാണ്.

ഷോക്കേറ്റ് മരിച്ചു

തൃശൂർ: കുരിയച്ചിറ ദേശായി ഹോംസ് അപ്പാർട്ട്മെന്റ്സിന് സമീപം വീട്ടിൽ ഷോക്കേറ്റ് മധ്യവയസ്കൻ മരിച്ചു. കണ്ണമ്പുഴ ബിജു (53) ആണ് മരിച്ചത്. ഒല്ലൂർ ആക്ട്സ് പ്രവർത്തകർ ജില്ലാ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

ഉദ്ഘാടനം ചെയ്തു
Grand Opening
OF OUR NEW
CSC CENTER/ജനസേവന കേന്ദ്രം
ഇന്ന് രാവിലെ 8.30ന്
OPP. N R ELECTRONICS,
PUDUKKAD
PH: 8075235560
01 സെപ്തംബർ 2026
DON'T MISS IT!

ഞങ്ങളുടെ സേവനങ്ങൾ: * ജനന സർട്ടിഫിക്കറ്റ് * പാൻകാർഡ് * ജാതി സർട്ടിഫിക്കറ്റ് * ലൈസൻസ് പുതുക്കൽ * വോട്ടർ ഐഡി കാർഡ് * പാസ്പോർട്ട് * കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് * വരുമാന സർട്ടിഫിക്കറ്റ് * കൈവശ സർട്ടിഫിക്കറ്റ് * മൈനോറിറ്റി സർട്ടിഫിക്കറ്റ് * വിവാഹ സർട്ടിഫിക്കറ്റ് * മിസ്സർ വിവാഹ സർട്ടിഫിക്കറ്റ് * മരണസർട്ടിഫിക്കറ്റ് * പൊസഷൻ * കുടിക്കട സർട്ടിഫിക്കറ്റ് * എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ * ഫോട്ടോസ്റ്റാറ്റ്/ഡിടിപി/ലാമിനേഷൻ * സ്പൈറൽ ബൈൻഡിംഗ് * സർട്ടിഫൈഡ് കോപ്പി * സ്ഥിരതാമസം സർട്ടിഫിക്കറ്റ് * പി സി രജിസ്ട്രേഷൻ * ഫുഡ് ആന്റ് സേഫ്റ്റി രജിസ്ട്രേഷൻ * സപ്ലൈകോ പാടി * യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ * ഏകജാലക രജിസ്ട്രേഷൻ * കളർ പ്രിന്റ് * ആധാർ പ്രിന്റിംഗ് * RTO സേവനങ്ങൾ * റേഷൻകാർഡ് സേവനങ്ങൾ * പോസ്റ്റ് മെട്രിക് തുടങ്ങിയ എല്ലാവിധ സ്കോളർഷിപ്പുകളും രജിസ്ട്രേഷനുകളും * ടിക്കറ്റുകൾ ബുക്കിംഗ് * വർക്കേഴ്സ് ക്ഷേമനിധി തുടങ്ങിയ എല്ലാവിധ സേവനങ്ങൾ

"സർക്കാർ, സർക്കാതിര സേവനങ്ങൾ ഒരു കുടക്കീഴിൽ
ജനക്ഷേമ പദ്ധതികളുമായി ജനസേവന കേന്ദ്രം ജനങ്ങളിലേക്ക്"

Amala
COLLEGE OF ALLIED HEALTH SCIENCES

നല്ല നാളേയ്ക്കായി
നാടിന് സമർപ്പിക്കുന്നു
അമല കോളേജ് ഓഫ്
അലൈഡ് ഹെൽത്ത് സയൻസസ്
സെപ്റ്റംബർ 1 രാവിലെ 10.00 മണി
ബ്രദർ സേവ്യർ CMI മെമ്മോറിയൽ ഹാൾ, AIMS, തൃശ്ശൂർ

മുഖ്യാതിഥി
ശ്രീ. കെ. മുരളീധരൻ
ബഹു: ആരോഗ്യ, കുടുംബക്ഷേമ, ദേവസ്വം മന്ത്രി, കേരള സർക്കാർ

മഹനീയസാന്നിദ്ധ്യം
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, MLA, വടക്കാഞ്ചേരി
ഡോ. മോഹനൻ കുന്നുമ്മൽ, വൈസ് ചാൻസലർ, KUHS
ഫാ. ജോസ് നന്തിക്കര CMI, പ്രൊവിൻഷ്യൽ, ദേവമാതാ പ്രൊവിൻസ്
ഫാ. ലിജോ ബ്രഹ്മകുളം CMI, എഡ്യൂക്കേഷൻ കൗൺസിലർ, ദേവമാതാ പ്രൊവിൻസ്, തൃശ്ശൂർ
ഫാ. ജൂലിയസ് അറയ്ക്കൽ CMI, ഡയറക്ടർ, AIMS, തൃശ്ശൂർ

കോഴ്സുകൾ:
MHA (Master of Hospital Administration)
B.MLS (Bachelor of Medical Laboratory Science)
B.MRIT (Bachelor of Medical Radiology & Imaging Technology)

Amala Nagar P.O, Thrissur, Kerala-680555
Tel: 0487 230 4106 | www.amalaims.org
Amala ശാസ്ത്ര

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

സീനിയർ സിറ്റിസൺസ് വെൽഫയർ അസോസിയേഷന്റെ ഓണാഘോഷവും സാംസ്കാരിക സമ്മേളനവും

കാറളം: സീനിയർ സിറ്റിസൺസ് വെൽഫയർ അസോസിയേഷന്റെ 2026 ലെ ഓണാഘോഷവും സാംസ്കാരിക സമ്മേളനവും ഇരിഞ്ഞാലക്കുട എം എൽ എ അഡ്വ. തോമസ് ഉണ്ണിയാടൻ നിർവഹിച്ചു. അസോസിയേഷൻ വൈസ് പ്രസിഡന്റ് ദിവാകരൻ തട്ടിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജോയിന്റ് സെക്രട്ടറി അശോകൻ പുഴക്കടവിൽ സ്വാഗതം ആശംസിക്കുകയും, വൈസ് പ്രസിഡന്റ് ചന്ദ്രൻ മുട്ടുംകാട്ടിൽ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. കാറളം പഞ്ചായത്ത് പ്രസിഡന്റ് കെ കെ ശിവൻകുട്ടി, വൈസ് പ്രസിഡന്റ് പ്രിയ സുനിൽ, ബ്ലോക്ക് മെമ്പർ പ്രസീന സജയൻ, വാർഡ് മെമ്പർമാരായ കെ ബി ഷെമീർ, അഡ്വ. അനീഷ്ശശിധരൻ, പ്രീത ടീച്ചർ എന്നിവർ ആശംസകൾ അർപ്പിച്ചു. പിന്നീട് സമിതി അംഗങ്ങളും കുടുംബാംഗങ്ങളും അവതരിപ്പിച്ച വിവിധ കലാപരിപാടികൾ അരങ്ങേറി. സമിതി ജോയിന്റ് സെക്രട്ടറി ടി കെ ശങ്കരൻകുട്ടി തെങ്ങുംപുള്ളിയുടെ നന്ദിപ്രകാശനത്തിന് ശേഷം വിഭവ സമൃദ്ധമായ ഓണ സദ്യയോടെ ആഘോഷങ്ങൾ സമാപിച്ചു.

പ്രതി അറസ്റ്റിൽ

തൃശ്ശൂർ: യുവാവിനെ ആക്രമിച്ച കേസിലെ പ്രതി അറസ്റ്റിൽ. നിരവധി ക്രിമിനൽ ക്കേസുകളിൽ പ്രതിയായ മേത്തല പടന്ന സ്വദേശി അലിപറമ്പിൽ ബിന്ന്യാമിനാണ് അറസ്റ്റിലായത്.

CSC ജനസേവനകേന്ദ്രം ആരംഭിച്ചു

പുതുക്കാട്: കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ഭാഗമായി സർക്കാർ, സർക്കാരിതര ഓൺലൈൻ സേവനങ്ങൾ ഉപഭോക്താക്കളിൽ നേരിട്ട് എത്തിക്കുക എന്ന ലക്ഷ്യത്തോടെ പുതുക്കാട് പള്ളിക്കു സമീപം **CSC ജനസേവന കേന്ദ്രം** എന്ന സ്ഥാപനം ഇന്ന് (സെപ്തംബർ 1) രാവിലെ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു. എല്ലാ വിധ ഓൺലൈൻ സേവനങ്ങളും ഇവിടെ ചെയ്തുകൊടുക്കുന്നതാണ്.

പനി ബാധിച്ച് ഒന്നര വയസ്സുകാരൻ മരിച്ചു

തൃശ്ശൂർ: ഏങ്ങണ്ടിയൂർ എലൈറ്റ്പടിയിൽ പനി ബാധിച്ച് ഒന്നര വയസുകാരൻ മരിച്ചു. അയ്യാണ്ടി വീട്ടിൽ പ്രഗിന്റെ മകൻ മാധവാണ് മരിച്ചത്.

വേലൂർ അർണോസ് വസതിയിലെ പടിപ്പുര നവീകരണം ആരംഭിച്ചു

വേലൂർ: വേലൂരിലെ അർണോസ് പാതിരി സ്മാരക കേന്ദ്രത്തിന്റെ കിഴക്കേ പടിപ്പുര പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ. ദിനേശ്, എഞ്ചിനീയർ ടി.ജി. കീർത്തി എന്നിവർ സ്മാരകത്തിൽ വന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി. ഇടവക വികാരി ഫാ. ജെയ്സൺ തെക്കുംപുറം, കൈക്കാരൻ ഒ.പി. കുരിയാക്കോസ്, അർണോസ് സ്മാരക പ്രവർത്തകൻ ജോൺ കള്ളിയത്ത് എന്നിവർ ചേർന്ന് ഉദ്യോഗസ്ഥരെ സ്വീകരിച്ചു.

ഹൈന്ദവ സംസ്കാരത്തിന്റെ ചുവടുപിടിച്ചായിരുന്നു അർണോസ് തന്റെ കൂടുതൽ രചനകളും നിർവ്വഹിച്ചിട്ടുള്ളത്. അദ്ദേഹം പണികഴിപ്പിച്ച വേലൂർ പള്ളിയും, താമസിക്കുന്നതിന് പണിയിപ്പിച്ച വസതിയും അന്നത്തെ നിർമ്മാണ സംസ്കാരവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയവയാണ്. പ്രവേശന കവാടങ്ങളും ചുറ്റുമതിലും ക്ഷേത്രങ്ങൾക്കുള്ളതുപോലെ അർണോസ് ദേവാലയ സമുച്ചയത്തിന്റെ നിർമ്മാണ രീതിയിലും കാണാൻ സാധിക്കും. അർണോസിന്റെ വസതിയുടെ മുന്നിൽ പുറത്തേക്ക് തള്ളിനിൽക്കുന്ന രീതിയിൽ മയിലിന്റെ ചിത്രം കാണാം. ദേവാലയത്തിനകത്ത് ഭീമുകൾ താങ്ങിനിർത്തുന്നതിന് ആനകളുടെയും കുതിരകളുടെയും രൂപത്തിലുള്ള പ്രതിമകൾ കാണാം.

വേലൂർ ഇടവകയുടെ കിഴക്ക് ഭാഗത്തുള്ളവിശ്വാസികൾ ഇപ്പോൾ പുനരുദ്ധാരണം നടക്കുന്ന പടിപ്പുരയിൽക്കൂടിയാണ് ദേവാലയ സമുച്ചയത്തിലേക്ക് പ്രവേശിച്ചിരുന്നത്. പടിപ്പുരയിൽനിന്നും റോഡിലേക്ക് ഇറങ്ങാനും കയറാനും വെട്ടുകല്ലിൽ തീർത്ത ഉറപ്പുള്ള പടവുകൾ ഉണ്ടായിരുന്നു. ഈ പടിപ്പുരയുടെ കിഴക്കുഭാഗത്തുകൂടി പോകുന്ന റോഡിന്റെ വീതി കൂട്ടുന്നതിന്റെ ഭാഗമായി കുറച്ച് വർഷങ്ങൾക്ക് മുമ്പ് ദേവാലയ അധികൃതർതന്നെ ഈ വെട്ടുകൽ പടവുകൾ അപ്പാടെ പൊളിച്ചു കളഞ്ഞിരുന്നു.

ഈ കൊച്ചുപടിപ്പുരയുടെ തട്ടിൻപുറമായിരുന്നു വേലൂർ പള്ളി നടത്തിയിരുന്ന ആദ്യത്തെ പള്ളിക്കൂടം. നാട്ടിലെ ചില എഴുത്താശാൻമാരുടെ വീടുകളിലും അധ്യാപനം നടന്നിരുന്നു. ഈ പടിപ്പുര പള്ളിക്കൂടത്തിൽ പഠിച്ച ഒരു വിദ്യാർത്ഥിയാണ് 1963 ഏപ്രിൽ 15 ന് 93-ാമത്തെ വയസ്സിൽ അന്തരിച്ച ചെറുവത്തൂർ ഒല്ലൂക്കാരൻ വറുതുണ്ണി പൈലപ്പൻ. 1984 ൽ മരണമടഞ്ഞ പൈലപ്പന്റെ മകനായ കുഞ്ഞുവറീതും പേരക്കുട്ടിയായ അഡ്വ. സി.കെ. കുഞ്ഞിപ്പൊറിഞ്ചുവും ഈ സംഭവങ്ങൾ ചിലപ്പോൾ ഓർത്ത് പറയാറുണ്ട്.

കിഴക്കെ പടിപ്പുരയുടെ പഴയ തനിമ നിലനിർത്തിക്കൊണ്ടുതന്നെയാണ് പുനരുദ്ധാരണം നടത്തുകയെന്ന് പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ. ദിനേശ് പറഞ്ഞു.

സമീരണന്റെ രണ്ടാമത്തെ കവിത പ്രകാശനം ചെയ്തു

മണ്ണുത്തി: മണ്ണുത്തി പുലരി പബ്ലിക്കേഷന്റെ 222-ാമത് പുസ്തകവും ആമലത്ത് സമീരണന്റെ രണ്ടാമത്തെ കവിത സമാഹാരവുമായ കേശവനോട് എന്ന ഗ്രന്ഥത്തിന്റെ പ്രകാശന കർമം ഞായറാഴ്ച തൃശൂർ സാഹിത്യ അക്കാദമിയിലെ ചങ്ങമ്പുഴ ഹാളിൽ വെച്ച് നടന്നു. പത്ര പ്രവർത്തകനായ എൻ ശ്രീകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് മുൻ സാഹിത്യ അക്കാദമി സെക്രട്ടറിയും കേരളവർമ കോളേജ് അദ്ധ്യാപകനും ആയിരുന്ന ഡോക്ടർ പി വി കൃഷ്ണൻ നായർ പ്രകാശനം നിർവഹിച്ചു. അന്തരിച്ച കേരളവർമ്മ കോളേജിലെയും സമീരണന്റെയും അധ്യാപകൻ ആയിരുന്ന ടി രാജൻ മാസ്റ്റർക്കായി പുസ്തകം സമർപ്പിക്കുന്നതിനാൽ കേരളവർമ്മ കോളേജ് മുൻ അസോസിയേറ്റ് പ്രോഫസർ ടി എ ഉഷാകുമാരി ടീച്ചർ അനുസ്മരണ പ്രസംഗം നടത്തി.

കവികളായ ചന്ദ്രമോഹൻ കുമ്പളങ്ങാട്, ശ്രീനാരായണൻ മൂത്തേടത്, പൂർവ വിദ്യാർത്ഥി അഡ്വ.എ വൈ ഖാലിദ്, വെള്ളാനിക്കര സഹകണ ബാങ്ക് പ്രസിഡന്റ് കെ ജി അനൂപ്, വെള്ളാനിക്കര ഗ്രാമീണ വായനശാല പ്രസിഡന്റ് ഈ ജി സുരേഷ് പുലരി പബ്ലിക്കേഷൻ എഡിറ്റർ സി ആർ ദാസ് എന്നിവർ പങ്കെടുത്തു.

ഐക്യദാർഢ്യ പ്രകടനവും പൊതു സദസും സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: സെപ്റ്റംബർ 1 ന് ഡൽഹിയിലെ രാംലീല മൈതാനത്ത് സിപിഐ നടത്തുന്ന ഡൽഹി മാർച്ചിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രകടനവും പൊതുസദസും സിപിഐ കാറളം ലോക്കൽ കമ്മിറ്റി സംഘടിപ്പിച്ചു.

സിപിഐ മണ്ഡലം സെക്രട്ടറി എൻ.കെ ഉദയപ്രകാശ് ഉദ്ഘാടനം ചെയ്തു. മുൻ സംസ്ഥാന കൗൺസിൽ അംഗം കെ.ശ്രീകുമാർ അഭിവാദ്യം ചെയ്ത് സംസാരിച്ചു.

സിപിഐ ലോക്കൽ സെക്രട്ടറി എം. സുധീർദാസ് അധ്യക്ഷത വഹിച്ച യോഗത്തിന് അസി. സെക്രട്ടറി സി.കെ ആരോമൽ സ്വാഗതവും എഐടിയുസി മണ്ഡലം പ്രസിഡന്റ് റഷീദ് കാറളം നന്ദിയും പറഞ്ഞു.

സംസ്ഥാന സർക്കാരിനെതിരെയുള്ള എൽ ഡി എഫ് സമരം മുഖം രക്ഷിക്കാൻ: അഡ്വക്കേറ്റ് ജോയ് എബ്രഹാം

തൃശൂർ., യുഡിഎഫ് സർക്കാരിന് എതിരായിട്ടുള്ള എൽഡിഎഫ് സമരം മാർക്സിസ്റ്റ് പാർട്ടിയിലെയും, എൽഡിഎഫിലെയും ആഭ്യന്തര കലഹം മറച്ചുവെക്കാൻ ആണെന്ന് കേരള കോൺഗ്രസ് സെക്രട്ടറി ജനറൽ അഡ്വക്കേറ്റ് ജോയ് എബ്രഹാം എക്സ എം പി അഭിപ്രായപ്പെട്ടു. ഭരണത്തിലേറി ഒരു മാസം കഴിയുമ്പോഴേക്കും സമരപരമ്പര സൃഷ്ടിച്ചുകൊണ്ട് കേരളത്തിൽ അരാജകത്വം സൃഷ്ടിക്കാനാണ് എൽഡിഎഫ് ശ്രമമെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. പ്രതിപക്ഷ ഉപ നേതാവ് പദവിയെ സംബന്ധിച്ചു സി.പി.ഐ, സി.പി.എമ്മും മായുള്ള തർക്കം മൂലം എൽഡിഎഫ ഏറെ ദുർബലപ്പെട്ടതായി അദ്ദേഹം പറഞ്ഞു.

കേരള കോൺഗ്രസ് ജില്ലാ കമ്മിറ്റിയോഗം ഉദ്ഘാടനം ചെയ്ത പ്രസംഗിക്കായിരുന്നു അദ്ദേഹം.. യോഗത്തിൽ കേരള കോൺഗ്രസ് തൃശ്ശൂർ ജില്ലാ പ്രസിഡന്റ് സി വി കുര്യാക്കോസ് അധ്യക്ഷതവഹിച്ചു. നിയോജകമണ്ഡലം,മണ്ഡലം യോഗങ്ങൾക്ക് ശേഷം ജില്ലാ ക്യാമ്പ് സംഘടിപ്പിക്കുവാൻ യോഗം തീരുമാനിച്ചു. കേരള കോൺഗ്രസ് സംസ്ഥാന വൈസ് ചെയർമാൻ എം.പി പോളി, കേരള യൂത്ത് ഫ്രണ്ട് സംസ്ഥാന പ്രസിഡണ്ട് കെ. വി.കണ്ണൻ, കേരള കോൺഗ്രസ് സംസ്ഥാന ഉന്നത ധികാരസമിതി അംഗം ജോൺസൺ കാഞ്ഞിരത്തിങ്കൽ, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് അജി ഫ്രാൻസിസ്, ജില്ലാ ജനറൽ സെക്രട്ടറി ഇട്ടിച്ചൻ തരകൻ, തോമസ് ആന്റണി, സി.ജെ. വിൻസന്റ്,ജോൺ കള്ളിയത്ത്, പി.ജെ. സേവിയർ, പ്രസാദ് പുലിക്കോടൻ, ബഫീക്ക് ബക്കർ, രേഖ സുരേന്ദ്രൻ, എൻ. ജെ. ലിയോ, ആൻസൺ കെ ഡേവിസ്,സി. ടി. ബാബു, കൈപ്പറമ്പ് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലിന്റ്റി ഷിജു, എൻ.ജെ.ലിയോ, എ.സി. ജോർജ്, ജോബി ആലപ്പാട്ട്, ഫെനി എബിൻ ഇരിങ്ങാലക്കുട, എം എൻ ഗോപി, അഡ്വക്കേറ്റ് ഇ. എം.സാജൻ, വി. ജെ. ജോയ്സി ടീച്ചർ, തുടങ്ങിയവർ യോഗത്തിൽ പ്രസംഗിച്ചു. ചർച്ചയിൽ പങ്കെടുത്ത് കൊണ്ട് ജോസഫ് കാരക്കട, ജോണി ചിറ്റിലപ്പള്ളി, സി. എൽ.ലോറൻസ് എം ഐ ഇസ്മയിൽ, കെ.എം.പത്രോസ് ജോൺ വട്ടക്കുഴി, സി.പി.ജോസഫ്, അഡ്വക്കേറ്റ് വിപിൻ പോൾ, കെ ജെ മേജോ മാസ്റ്റർ, സുനിൽ കണ്ടിരുത്തി, സി.എ. സണ്ണി, തോമസ് ആളൂർ, ജോസഫ് വടക്കൻ, സന്ദീപ് ഗോപി, ലിന്റോ സെബി , സജി കൊണ്ടാരത്ത്, ജോബ് അടമ്പുകളും, സി കെ തോബിയാസ്, കെ.ജെ.ജ്യോതി ടീച്ചർ, ശശി പഞ്ചവടി, ഹസീന പെരിഞ്ഞനം, എബിൻ വെള്ളാനിക്കാരൻ അഡ്വക്കേറ്റ് എ. ഐ. പ്രകാശൻ, ബിജു പാപ്പച്ചൻ, ഒ.,ജെ സെബാസ്റ്റ്യൻ, ലാസ് കെ ജെയിംസ്, നസീർ കേച്ചേരി, ജോസഫ് ഇഞ്ചക്കുണ്ട്, എബിൻ വെള്ളാനിക്കാരൻ, ബിജു പാപ്പച്ചൻ, സി. സി. ദേവസി തുടങ്ങിയവർ സംസാരിച്ചു.

സംഗീതസംവിധായകനും തബലിസ്റ്റുമായ കോഴിക്കോട് അബൂബക്കർ അന്തരിച്ചു

തൃശ്ശൂർ: ഈണങ്ങളുടെ സുൽത്താൻ വിടവാങ്ങി.മാപ്പിളപ്പാട്ട് ശാഖയിലെ അനുഗൃഹീത കലാകാരനും, സംഗീത സംവിധായകനും തബലിസ്റ്റുമായ കോഴിക്കോട് അബൂബക്കർ (അവുക്ക-80) അന്തരിച്ചു. അരീക്കാട്ടെ ഉള്ളിശ്ശേരിക്കുന്നിലെ വീട്ടിൽ തിങ്കളാഴ്ച രാത്രി 12-ഓടെയാണ് അന്ത്യം. ഭാര്യ: കെ.വി. സുബൈദ. മക്കൾ: ഗുലാം അലി, പരേതനായ ഫയാസ്, റോഷ്നി, ഫെമിന, സജിന. മരുമക്കൾ: സലാം, അസീസ്, അസീസ് കാഞ്ഞങ്ങാട്, സൗദാബി, അഫ്സീന. യേശുദാസ് പാടിയ 'കരയാനും പറയാനും മനംതുറന്നിരിക്കാനും', കെ.എസ്. ചിത്ര പാടിയ 'യത്തീമിനതാണീ' തുടങ്ങിയ ഗാനങ്ങൾ സൂപ്പർഹിറ്റുകളായി.

അഗ്രശാലയിൽ മോഹിനിയാട്ടം

തൃശൂർ: തിരുവമ്പാടി ക്ഷേത്രം അഗ്രശാലയിൽ അഷ്ടമിരോഹിണി ആഘോഷങ്ങൾ, ഭരതനാട്യം, മോഹിനിയാട്ടം വൈകീട്ട് 5 മുതൽ 7.30 വരെ

വീട് പണിയിലെ അപാകതകൾ, 115000 രൂപ നൽകുവാൻ വിധി

തൃശൂർ: വീട് പണിയിലെ അപാകതകൾ ചോദ്യം ചെയ്ത് ഫയലാക്കിയ ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൃശൂർ വരന്തരപ്പിള്ളി സ്വദേശി വാഴപ്പറമ്പൻ വീട്ടിൽ ആന്റു.വി.പി. ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ വരന്തരപ്പിള്ളിയിലുള്ള പള്ളാടൻ പവിത്രൻ മകൻ സത്യനെതിരെ ഇപ്രകാരം വിധിയായത്. ആന്റു, എതിർകക്ഷിയെ കരാർ പ്രകാരം വീട് പണി ഏല്പിച്ചിരുന്നു. എതിർകക്ഷി നിർവ്വഹിച്ച പണികളിൽ അപാകതകൾ ഉണ്ടായിരുന്നു.തുടർന്ന് ഹർജി ഫയൽ ചെയ്യുകയാണുണ്ടായത്. കോടതി നിയോഗിച്ച വിദഗ്ദ്ദ കമ്മീഷണർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാകുന്നു. ഈർപ്പപ്രതിരോധമില്ലായ്മ, മരപ്പണികളിലെ നിലവാരക്കുറവ് തുടങ്ങിയ അപാകതകൾ കമ്മീഷണർ നിരീക്ഷിച്ചിരുന്നു.തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാരന് നഷ്ടപരിഹാരമായി 100000 രൂപയും ചിലവിലേക്ക് 15000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

കാരുകുളങ്ങര എൻ.എസ്.എസ്. കരയോഗത്തിന്റെ ഓണാഘോഷം ശ്രദ്ധേയമായി

ഇരിങ്ങാലക്കുട: കാരുകുളങ്ങര എൻ.എസ്.എസ്. കരയോഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓണാഘോഷം വിവിധ പരിപാടികളോടെ വർണ്ണാഭമായി നടന്നു. ശ്രീനരസിംഹസ്വാമി ക്ഷേത്രത്തിലെ നൈവേദ്യം ഹാളിൽ നടന്ന ചടങ്ങിൽ കരയോഗം അംഗങ്ങളും കുടുംബാംഗങ്ങളും പങ്കെടുത്തു.

കരയോഗം സെക്രട്ടറി സുജ സഞ്ജീവ് കുമാർ അധ്യക്ഷത വഹിച്ചു. ട്രഷറർ നന്ദകുമാർ സ്വാഗതം ആശംസിച്ചു. 30-ാം വാർഡ് കൗൺസിലർ ശ്രീലക്ഷ്മി മനോജ് ഉദ്ഘാടനം നിർവഹിച്ചു. പി.എച്ച്.ഡി. നേടിയ വിജേഷ് വേണുഗോപാലിനെയും, , താലൂക്ക് യൂണിയൻ കരയോഗ കലോത്സവത്തിലെ പൂക്കള മത്സരത്തിൽ സമ്മാനാർഹരായവരെയും അനുമോദിച്ചു. ബാലപ്രതിഭാ പുരസ്കാരം സൂര്യദേവ് സുനിൽ കുമാറിന് സമ്മാനിച്ചു.

തുടർന്ന് നടന്ന ഓണാഘോഷ പരിപാടികളും രാജേഷ് തമ്പുരുവിന്റെ നേതൃത്വത്തിലുള്ള "നേരമ്പോക്ക്" കലാപരിപാടിയും ആഘോഷത്തിന് മാറ്റുകൂട്ടി. സുധീർ ചക്ക്യാത്ത്, രാജേഷ് നെല്ലിക്കൽ, ലീലാവതി കടങ്ങോട്ട് എന്നിവർ ആശംസകൾ നേർന്നു. വിഷ്ണു വേണുഗോപാൽ നന്ദി രേഖപ്പെടുത്തി.

കരയോഗം അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും സജീവ പങ്കാളിത്തത്തോടെ നടന്ന ആഘോഷം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ഒരുമയുടെയും മനോഹരമായ വേദിയായി.

ആധാരങ്ങൾ നഷ്ടപ്പെട്ടു

തൃശ്ശൂർ ജില്ല മുകുന്ദപുരം താലുക്ക്, വരന്തരപ്പിള്ളി വില്ലേജ്, വരന്തരപ്പിള്ളി പോസ്റ്റോഫീസ് പരിധിയിൽ താമസം, ചുണ്ടക്കാരൻ വീട്ടിൽ ആനി എന്നവരുടെയും, ടിയാരിയുടെ മകനായ ലെസ്റ്റർ ജോസഫ് ജോൺ എന്നവരുടെയും ഉടമസ്ഥതയിലും കൈവശത്തിലുമുള്ള വഹകളുടെ കോടാലി സബ്ബ് രജിസ്റ്ററിലെ 1997 ലെ 3769, 1983 ലെ 1507 നമ്പർ ആധാരങ്ങൾ ഷാനി കെ കൃഷ്ണൻ, അഡ്വക്കെറ്റ്, നിർമ്മല കോൺവെന്റിന് എതിർവശം, ഗ്രൗണ്ട് ഫ്ളോർ, നമ്പനത്ത് ബിൽഡിംഗ്, അയ്യന്തോൾ, തൃശ്ശൂർ 3, എന്നവരിൽ നിന്നും അയ്യന്തോളിലുള്ള കോർട്ട് കോംപ്ലക്സിൽ നിന്നും നിർമ്മല കോൺവെന്റ് മഠം സ്റ്റോപ്പിന് അടുത്തുള്ള നമ്പനത്ത് ബിൽഡിംങ്ങിൽ പ്രവർത്തിക്കുന്ന എന്റെ ഓഫിസിലേക്ക് മോട്ടോർ സൈക്കിളിൽ പോകുന്ന സമയം 20/07/2026 തീയ്യതി നഷ്ടപ്പെട്ടിട്ടുള്ളതാണ്. കണ്ടുകിട്ടുന്നവർ താഴെ വിലാസത്തിലോ തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിലോ അറിയിക്കുവാൻ അപേക്ഷിക്കുന്നു.

എന്ന്
ഷാനി കെ.കൃഷ്ണൻ, അഡ്വക്കെറ്റ്,
നിർമ്മല കോൺവെന്റിന് എതിർവശം,
ഗ്രൗണ്ട് ഫ്ളോർ, നമ്പനത്ത് ബിൽഡിംഗ്,
അയ്യന്തോൾ, തൃശ്ശൂർ-3 - **ഫോൺ 9447442149.**

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP. 125/2026

ഷെഫ്ന കബീർ
-ഹർജിക്കാരി
ഫാരിസ് ബാബു
-എതൃകക്ഷി

തൃശ്ശൂർ ജില്ല ചാവക്കാട് താലൂക്ക് കുണ്ടലിയൂർ വില്ലേജ് ചേറ്റുവ ദേശത്ത് കുണ്ടലിയൂർ.പി.ഒ, പിൻ. 680616, രായംമരക്കാർ വീട്ടിൽ അബു മകൻ 36 വയസ്സ് ഫാരിസ് ബാബു
-എതൃകക്ഷി

മേൽ നമ്പറിൽ എത്യകക്ഷിക്കുള്ള നോട്ടീസ് കൽപ്പന കോടതിയിലും വില്ലേജിലും വാസസ്ഥലത്തും പതിച്ച് നടത്താൻ കൽപ്പിച്ച് മേൽ നമ്പർ കേസ് **17-09-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം നിങ്ങൾ നേരിട്ടോ വക്കീൽ മുഖേനയോ രാവിലെ 11 മണിക്ക് ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ എക്സ്പാർട്ടി ആക്കി മേൽ നമ്പർ ക്കേസ് വിധിയാകുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 31-08-2026
ഹർജിക്കാരിഭാഗം
അഡ്വക്കെറ്റ്
ഷൈനി എ.കെ (ഒപ്പ്)

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP. 211/2026

അൻഷിദ അസ്ക്കർ ആർ. എ, 32 വയസ്സ്, D/o. അസ്കർ, രായംമരക്കാർ ഹൗസ്, തിരുനെല്ലൂർ പി.ഒ, ഇടയഞ്ചിറ, തൃശ്ശൂർ
-ഹർജിക്കാരി
മുഫീദ് കെ.എം., 35 വയസ്സ്, S/o. മുഹമ്മദ്, കറുപ്പം വീട്ടിൽ ഹൗസ്, തോന്നല്ലൂർ വെള്ളറക്കാട് പി.ഒ, വെള്ളാറ്റഞ്ഞൂർ വില്ലേജ് കുന്നംകുളം താലൂക്ക് തൃശ്ശൂർ
-എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസ സ്ഥലത്തും പതിച്ചു നടത്തുവാൻ കൽപ്പിച്ച് കേസ്സ് **10-09-2026** തിയതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം എതൃകക്ഷി നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ഹജരാകേണ്ടതും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ്സ് തീർപ്പ് കൽപ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 31-08-2026
ഹർജിഭാഗം അഡ്വക്കേറ്റ്
മഞ്ചു ഇ (ഒപ്പ്)

ഒരുമനയൂർ മാങ്ങോട്ട് ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ ഒരുമനയൂർ എൻ എസ് എസ് കരയോഗം സുബ്രഹ്മണ്യസ്വാമിക്ക് ഉത്രാടക്കുല സമർപ്പിക്കുന്നു. കരയോഗം പ്രസിഡണ്ട് രാമചന്ദ്രൻനായർ ഐശ്വര്യ, സെക്രട്ടറി ശശിനായർ വട്ടേക്കാട്, ദിനേശ്, സുകുമാർ മാങ്ങോട്ട്, രാംദാസ് വളപ്പിൽ, കരയോഗം കുടുംബാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

കോടതി പരസ്യം

ജോയിന്റ് ചിട്ടി രജിസ്ട്രാർ/നോമിനി ഓഫ് ജോ. ചിട്ടി രജിസ്ട്രാർ കാര്യാലയം, ഉത്തരമദ്ധ്യമേഖല ചെമ്പൂക്കാവ്, തൃശ്ശൂർ - 20

ARB OP: 1347/2025

പരാതിക്കാരൻ
ന്യൂ മില്ലേനിയം ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെമ്പോട്ടിൽ ലൈൻ കെ.കെ വാരിയർ മെമ്മോറിയൽ ട്രസ്റ്റ് ബിൽഡിങ്ങ്, ഡോർ നമ്പർ 36/2556 തൃശ്ശൂർ എന്ന സ്ഥാപനത്തിനു വേണ്ടി ചെയർമാൻ/ഫോർമാൻ, ശ്രീ. സി.വി. ഫ്രാൻസീസ്, ചെറുവത്തൂർ മേച്ചേരി വർഗ്ഗീസ് മകൻ, കൂർക്കഞ്ചേരി വില്ലേജ് ദേശം, തൃശ്ശൂർ താലൂക്ക്
4-ാം എതൃകക്ഷി:
മുകുന്ദപുരം താലൂക്ക് പൊറത്തിശ്ശേരി വില്ലേജ് ദേശത്ത് പി ഒ ഇരിങ്ങാലക്കുട-680125 മണപ്പെട്ടി കുട്ടിവളപ്പിൽ പ്രഫുല്ല ചന്ദ്രൻ മകൻ റേഡിയോഗ്രാഫർ 35 വയസ് **ഫിറോ എം പി**
മേൽപറഞ്ഞ പരാതിക്കാരൻ 1982-ലെ ചിറ്റ് ഫണ്ട് ആക്ട് സെക്ഷൻ 64 പ്രകാരം വ്യവഹാരം ബോധിപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ ഹിയറിംഗ് **10-09-2026** തീയതി വ്യാഴാഴ്ച്ച പകൽ 11 മണിക്ക് നിശ്ചയിച്ചിരിക്കുന്നതിനാൽ അന്നേ ദിവസം തൃശ്ശൂരിലെ ചെമ്പൂക്കാവിലുള്ള ജില്ലാ രജിസ്ട്രേഷൻ സമുച്ചയത്തിലെ ചിട്ടി ആർബിട്രേഷൻ ട്രിബ്യൂണൽ മുമ്പാകെ തർക്ക പരിഹാരത്തിനായി ആവശ്യമായ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജപ്തി ഉൾപ്പടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

എന്ന്, 31-08-2026
ഹർജിഭാഗം അഡ്വക്കെറ്റ് :
ബബിൽ രമേഷ് (ഒപ്പ്)

കോടതി പരസ്യം

ജോയിന്റ് ചിട്ടി രജിസ്ട്രാർ/നോമിനി ഓഫ് ജോ. ചിട്ടി രജിസ്ട്രാർ കാര്യാലയം, ഉത്തരമദ്ധ്യമേഖല ചെമ്പൂക്കാവ്, തൃശ്ശൂർ - 20

ARB OP: 1331/2025

പരാതിക്കാരൻ
ന്യൂ മില്ലേനിയം ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെമ്പോട്ടിൽ ലൈൻ കെ.കെ വാരിയർ മെമ്മോറിയൽ ട്രസ്റ്റ് ബിൽഡിങ്ങ്, ഡോർ നമ്പർ 36/2556 തൃശ്ശൂർ എന്ന സ്ഥാപനത്തിനു വേണ്ടി ചെയർമാൻ/ഫോർമാൻ, ശ്രീ. സി.വി. ഫ്രാൻസീസ്, ചെറുവത്തൂർ മേച്ചേരി വർഗ്ഗീസ് മകൻ, കൂർക്കഞ്ചേരി വില്ലേജ് ദേശം, തൃശ്ശൂർ താലൂക്ക്
2, 3 എതൃകക്ഷികൾ:
2) തൃശൂർ താലൂക്ക് ഒല്ലൂർ വില്ലേജ് അഞ്ചേരി ദേശത്ത് പി ഒ കുരിയച്ചിറ-680006 മേക്കാട്ടുകുളം റാഫേൽ മകൻ റേഡിയോഗ്രാഫർ 34 വയസ് **റിന്റോ റാഫേൽ**
3) മുകുന്ദപുരം താലൂക്ക് പൊറത്തിശ്ശേരി വില്ലേജ് ദേശത്ത് പി ഒ ഇരിങ്ങാലക്കുട-680125 മണപ്പെട്ടി കുട്ടിവളപ്പിൽ പ്രഫുല്ലചന്ദ്രൻ മകൻ റേഡിയോഗ്രാഫർ 35 വയസ് **ഫിറോ എം പി**
മേൽപറഞ്ഞ പരാതിക്കാരൻ 1982-ലെ ചിറ്റ് ഫണ്ട് ആക്ട് സെക്ഷൻ 64 പ്രകാരം വ്യവഹാരം ബോധിപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ ഹിയറിംഗ് **10-09-2026** തീയതി വ്യാഴാഴ്ച്ച പകൽ 11 മണിക്ക് നിശ്ചയിച്ചിരിക്കുന്നതിനാൽ അന്നേ ദിവസം തൃശ്ശൂരിലെ ചെമ്പൂക്കാവിലുള്ള ജില്ലാ രജിസ്ട്രേഷൻ സമുച്ചയത്തിലെ ചിട്ടി ആർബിട്രേഷൻ ട്രിബ്യൂണൽ മുമ്പാകെ തർക്ക പരിഹാരത്തിനായി ആവശ്യമായ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജപ്തി ഉൾപ്പടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

എന്ന്, 31-08-2026
ഹർജിഭാഗം അഡ്വക്കെറ്റ് :
ബബിൽ രമേഷ് (ഒപ്പ്)

കോടതി പരസ്യം

ജോയിന്റ് ചിട്ടി രജിസ്ട്രാർ/നോമിനി ഓഫ് ജോ. ചിട്ടി രജിസ്ട്രാർ കാര്യാലയം, ഉത്തരമദ്ധ്യമേഖല ചെമ്പൂക്കാവ്, തൃശ്ശൂർ - 20

ARB OP: 44/20266

പരാതിക്കാരൻ
ന്യൂ മില്ലേനിയം ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെമ്പോട്ടിൽ ലൈൻ കെ.കെ വാരിയർ മെമ്മോറിയൽ ട്രസ്റ്റ് ബിൽഡിങ്ങ്, ഡോർ നമ്പർ 36/2556 തൃശ്ശൂർ എന്ന സ്ഥാപനത്തിനു വേണ്ടി ചെയർമാൻ/ഫോർമാൻ, ശ്രീ. സി.വി. ഫ്രാൻസീസ്, ചെറുവത്തൂർ മേച്ചേരി വർഗ്ഗീസ് മകൻ, കൂർക്കഞ്ചേരി വില്ലേജ് ദേശം, തൃശ്ശൂർ താലൂക്ക്
1-ാം എതൃകക്ഷി:
ശ്രീ. മനോജ്കുമാർ കെ സി, കളത്തിപറമ്പിൽ ചന്ദ്രശേഖരൻ മകൻ, പറപ്പൂക്കാവ് ദേശം, ചൂണ്ടൽ വില്ലേജ്, കുന്നംകുളം താലൂക്ക്, പി ഒ പറപ്പൂക്കാവ് 680501
മേൽപറഞ്ഞ പരാതിക്കാരൻ 1982-ലെ ചിറ്റ് ഫണ്ട് ആക്ട് സെക്ഷൻ 64 പ്രകാരം വ്യവഹാരം ബോധിപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ ഹിയറിംഗ് **17-09-2026** തീയതി വ്യാഴാഴ്ച്ച പകൽ 11 മണിക്ക് നിശ്ചയിച്ചിരിക്കുന്നതിനാൽ അന്നേ ദിവസം തൃശ്ശൂരിലെ ചെമ്പൂക്കാവിലുള്ള ജില്ലാ രജിസ്ട്രേഷൻ സമുച്ചയത്തിലെ ചിട്ടി ആർബിട്രേഷൻ ട്രിബ്യൂണൽ മുമ്പാകെ തർക്ക പരിഹാരത്തിനായി ആവശ്യമായ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജപ്തി ഉൾപ്പടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

എന്ന്, 31-08-2026
ഹർജിഭാഗം അഡ്വക്കെറ്റ് :
ബബിൽ രമേഷ് (ഒപ്പ്)

കോടതി പരസ്യം

ജോയിന്റ് ചിട്ടി രജിസ്ട്രാർ/നോമിനി ഓഫ് ജോ. ചിട്ടി രജിസ്ട്രാർ കാര്യാലയം, ഉത്തരമദ്ധ്യമേഖല ചെമ്പൂക്കാവ്, തൃശ്ശൂർ - 20

ARB OP: 1363/2025

പരാതിക്കാരൻ
ന്യൂ മില്ലേനിയം ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെമ്പോട്ടിൽ ലൈൻ കെ.കെ വാരിയർ മെമ്മോറിയൽ ട്രസ്റ്റ് ബിൽഡിങ്ങ്, ഡോർ നമ്പർ 36/2556 തൃശ്ശൂർ എന്ന സ്ഥാപനത്തിനു വേണ്ടി ചെയർമാൻ/ഫോർമാൻ, ശ്രീ. സി.വി. ഫ്രാൻസീസ്, ചെറുവത്തൂർ മേച്ചേരി വർഗ്ഗീസ് മകൻ, കൂർക്കഞ്ചേരി വില്ലേജ് ദേശം, തൃശ്ശൂർ താലൂക്ക്
എതൃകക്ഷികൾ :-
3) **ശ്രീ. ഫിറോ എംപി,** മണപ്പെട്ടി കുട്ടിവളപ്പിൽ പ്രഫുല്ല ചന്ദ്രൻ മകൻ, പൊറത്തിശ്ശേരി വില്ലേജ് ദേശം, മുകുന്ദപുരം താലൂക്ക്, പി.ഒ.ഇരിങ്ങാലക്കുട. 680125
4) **ശ്രീ. റിന്റോ റാഫേൽ,** മേക്കാട്ടുകുളം എം. വി. റാഫേൽ മകൻ, ചേലക്കോട്ടുകര ദേശം, ഒല്ലൂർ വില്ലേജ്, തൃശ്ശൂർ താലൂക്ക്, പി.ഒ കുരിയച്ചിറ, 680006

മേൽപറഞ്ഞ പരാതിക്കാരൻ 1982-ലെ ചിറ്റ് ഫണ്ട് ആക്ട് സെക്ഷൻ 64 പ്രകാരം വ്യവഹാരം ബോധിപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ ഹിയറിംഗ് **10-09-2026** തീയതി വ്യാഴാഴ്ച്ച പകൽ 11 മണിക്ക് നിശ്ചയിച്ചിരിക്കുന്നതിനാൽ അന്നേ ദിവസം തൃശ്ശൂരിലെ ചെമ്പൂക്കാവിലുള്ള ജില്ലാ രജിസ്ട്രേഷൻ സമുച്ചയത്തിലെ ചിട്ടി ആർബിട്രേഷൻ ട്രിബ്യൂണൽ മുമ്പാകെ തർക്ക പരിഹാരത്തിനായി ആവശ്യമായ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജപ്തി ഉൾപ്പടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

എന്ന്, 31-08-2026
ഹർജിഭാഗം അഡ്വക്കെറ്റ് :
ബബിൽ രമേഷ് (ഒപ്പ്)